കേരള സർക്കാർ

**പിന്നാക്ക സമുദായ വികസന വകുപ്പ്**

# 2013-14 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നു

- അൻപത് ശതമാനം കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന സ്കോളർഷിപ്പിന് കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, മറ്റ് പിന്നാക്ക സമുദായങ്ങളിൽ (ഒ.ബി.സി) ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.
- രക്ഷിതാക്കളുടെ കുടുംബ വാർഷിക വരുമാനം 44500 രൂപയിൽ അധികരിക്കരുത്.
- മുൻ വാർഷിക പരീക്ഷയിൽ 50 % ൽ കുറയാത്ത മാർക്ക്/ഗ്രേഡ് നേടിയിരിക്കണം (ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല)
- ഒരു വിദ്യാർത്ഥിക്ക് ഒരു കാരണവശാലും ഒന്നിൽ കൂടുതൽ സ്കോളർഷിപ്പുകൾക്ക് അർഹതയില്ല. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ഏത് വകുപ്പ് വഴി സ്കോളർഷിപ്പ് ലഭിക്കുന്നവരായാലും ഒരു കുടുംബത്തിൽ ആകെ 2 പേർക്ക് മാത്രമേ അർഹതയുള്ളൂ.
- പൂരിപ്പിച്ച അപേക്ഷകൾ സ്കൂൾ പ്രധാനാധ്യാപകന് ലഭിക്കേണ്ട അവസാന തീയതി **2014 ജനുവരി 31** ആണ്.
- അപൂർണവും അവസാന തീയതിക്ക് ശേഷവും ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. മുൻവർഷം സ്കോളർഷിപ്പ് ലഭിച്ചവർ അപേക്ഷാഫാറത്തിൽ RENEWAL എന്ന കോളം ടിക് ചെയ്യേണ്ടതാണ്.
- ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കുന്നതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളും; പട്ടികജാതി വികസന വകുപ്പ് വഴി ആനുകൂല്യം അനുവദിക്കുന്നതിനാൽ ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളും ഈ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതില്ല.
- അപേക്ഷാഫാറവും വിശദ വിവരങ്ങളും എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും www.bcdd.kerala.gov.in, www.scholarship.itschool.gov.in എന്നീ വെബ്സൈറ്റുകളിലും ലഭ്യമാണ്.
- ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നവരുടെ എണ്ണം നിയന്ത്രിക്കുന്നതാണ്.

---

ഡയറക്ടർ
പിന്നാക്ക സമുദായ വികസന വകുപ്പ്,
അയ്യങ്കാളിഭവൻ നാലാം നില, വെള്ളയമ്പലം, തിരുവനന്തപുരം - 695003